## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5372

28/07/2015 -ൽ
മറുപടിയ്ക്ക്

### കോഴിക്കോട് ജില്ലയിലെ ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ ഹിൽ ഏരിയ ഡവലപ്പ്മെന്റ് ഏജൻസി മുഖേന ഭരണാനുമതി നൽകിയ പ്രവർത്തികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) ഭരണാനുമതി നൽകിയ ഏതെങ്കിലും പ്രവൃത്തികൾ റദ്ദ് ചെയ്യുകയോ, മരവിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ;<br><br>(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) & (സി) ഭരണാനുമതി നൽകിയ ഒരു കുടിവെള്ള പ്രവർത്തിയും രണ്ട് ചെക്ക് ഡാം പ്രവർത്തികളും റദ്ദുചെയ്യുകയും രണ്ട് റോഡു പ്രവർത്തികൾ നിർത്തി വെയ്ക്കാൻ ഉത്തരവു നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനുള്ള കാരണങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (ഡി) കോഴിക്കോട് ജില്ലയിലെ പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) റദ്ദു ചെയ്ത നാല് പ്രവർത്തികൾക്ക് പകരമായി മൂന്ന് പുതിയ പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പകരമായി ഏറ്റെടുക്കാത്ത ഒരു റോഡ് പ്രവർത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ചെയർമാന്റെ നിർദ്ദേശമനുസരിച്ചും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Bijumon
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്